भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

CN 973184

2020 രണ്ടായിരത്തി ഇരുപത് ഫെ ബ്രുവരി നാലാം തീയ്യതി.

മാനന്തവാടി താലൂക്ക് എടവക അംശം എടച്ചന ദേശത്ത് കല്ലോടി താമസിക്കും (Late) ത്തായി എന്നവർ ഭാര്യ റിട്ട.ടീച്ചർ 72 വയസ് ചേന്നാട്ട് P.T. അന്നമ്മ എന്നവർ ഒന്നാം നമ്പർകാരിയായും

1. ചേന്നാട്ട് P.T. Annamma
(signature)

2. Soly Issac (signature)

No. 4565 DATE 4/2/2020
VALUE Rs. 100
TO SRI ...
FRANCIS.
STAMP VENDOR
MANANTHAVADY

Soly Issac Palparambil Kallodi
(signature)

भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

CN 973185

മാനന്തവാടി താലൂക്ക് എടവക അംശം എടപ്പന ദേശത്ത് കല്ലോടി താമസിക്കും ഐസക്ക് എന്നവർ മകൾ 57 വയസ് പുൽപ്പറമ്പിൽ സോളി ഐസക് എന്നവർ രണ്ടാം നമ്പർ കാരനായും കൂടി തമ്മിലെഴുതിയ വാടകകരാർ

1. P. T. Ammamma

2. Soly Isac

No. 450 Date 4-8-2020

Value Rs. 100

P. FRANCIS
ADDL. STAMP VENDOR
MANANTHAVADY

ഇതിലെ ഒന്നാം നമ്പർകാരിയുടെ സ്വന്തവും കൈവശത്തി ലുള്ളതുമായ ഇതിനു താഴെ പട്ടികയിൽ പറയുന്ന മുറി സ്റ്റുഡിയോ നടത്തേണ്ട ആവശ്യത്തിനുവേണ്ടി ഇന്നു മുതൽ 11 മാസത്തേക്ക് രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരി യോട് വാടകയ്ക്കായ് ഏറ്റുവാങ്ങിയിരിക്കയാൽ മുറി രണ്ടാം നമ്പർകാരൻ കൈവശം വെച്ച് ഉപയോഗിച്ചാലും ഇല്ലെ ങ്കിലും മാസം രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരിക്ക് കൊടുക്കാൻ നിശ്ചയിച്ച വാടക 3000/- മൂവായിരം ഉറു പ്പിക 2020 ഫെബ്രുവരി 29 വരെയുള്ളത് 2020 മാർച്ച് 1.ാം തീയ്യതിക്കും പിന്നീട് അവധി വരെ എല്ലാ മാസവും 1.ാം തീയ്യതികളിലും 3000/- മൂവായിരം ഉറുപ്പിക വീതം രണ്ടാം നമ്പർകാരൻ ഒന്നാം നമ്പർകാരി ക്ക് റൊക്കം തന്ന് രസീത് വാങ്ങികൊള്ളുന്നതാണ്. അതാത് മാസങ്ങളിൽ വാടക തരാതെ മുടക്കം വരുത്തിയാൽ മുടങ്ങുന്ന വാടകയ്ക്ക് ക്രമപ്രകാരം പലിശ കൂട്ടി ഒന്നാം നമ്പർകാരി ആവശ്യപ്പെ ടുമ്പോൾ തരുന്നതോടു കൂടി ശേഷം അവധി നോക്കാതെ മേപ്പടി മുറി ഒന്നാം നമ്പർകാരിക്ക് ഒഴിഞ്ഞു തരുവാൻ രണ്ടാം നമ്പർകാരൻ ബാദ്ധ്യസ്ഥനാകുന്നു. മുറി രണ്ടാം നമ്പർകാരന് ആവശ്യമില്ലാതെ വരുന്ന പക്ഷം ഒന്നാം നമ്പർ കാരിക്ക് തന്നെ നേരിട്ട് ഒഴിഞ്ഞു തരികയല്ലാ തെ മറ്റാർക്കും കൈമാറുകയോ കൈവശം കൊടുക്കുക യോ ചെയ്യുന്ന തല്ല. മുറിക്ക് ആവശ്യമായ സർവ്വ വിധ റിപ്പ യറുകളും ഒന്നാം നമ്പർകാരി തന്നെ ചെയ്തു തരുന്നതല്ലാ തെ ആ വക വല്ലതും ചെയ്യുന്നതിനോ മുറിക്ക് ഇപ്പോഴുള്ള അവസ് ഥയിൽ നിന്ന് വല്ല മാറ്റങ്ങളോ കേടുപാടുകളോ വരുത്തു ന്നതിനോ രണ്ടാം നമ്പർകാരന് അധികാരാവകാ ശില്ലാത്ത തുമാകുന്നു. അപ്രകാരം വല്ലതും രണ്ടാം നമ്പർ കാരൻ ചെയ്തതായി കണ്ടാൽ തുടർന്ന് കാലാവധി നോക്കാതെ ഒന്നാം നമ്പർകാരിക്കുണ്ടാകുന്ന നഷ്ടത്തോടു കൂടി മുറി ഒന്നാം നമ്പർകാരിക്കു ഒഴിഞ്ഞു തരുവാൻ രണ്ടാം നമ്പർ കാരൻ ബാദ്ധ്യസ്ഥനാകുന്നു. മേപ്പടി മുറിക്കു ള്ളിൽ രാസ വളം, സ്ഫോടക വസ്തുക്കൾ മറ്റനധികൃത സാധനങ്ങൾ തുടങ്ങി യാതൊന്നും രണ്ടാം നമ്പർകാരൻ സൂക്ഷിക്കുന്നതല്ല. മേപ്പടി മുറിയിൽ രണ്ടാം നമ്പർകാരൻ ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ് അതാത് മാസങ്ങളിലുള്ളത് രണ്ടാം നമ്പർ കാരൻ തന്നെ അടച്ച് രശീതി വാങ്ങി ഒന്നാം നമ്പർകാരിയെ ബോദ്ധ്യപ്പെടുത്തുന്നതും ആയത് വാടകയിൽ ഉൾപ്പെടുന്ന തുമല്ല.

1. [signature] P. T. Ammamma [signature]

[signature] [signature] [signature]

ഈ കച്ചീട്ടിലെ കാലാവധിക്ക് മുറി രണ്ടാം നമ്പർകാരൻ ഒഴിയാതെ നാം തമ്മിലുള്ള നിശ്ചയ പ്രകാരം തുടർന്ന് കൈവശം വെക്കു ന്നതായാൽ ഇന്നു മുതൽ 1 ഒരുവർഷം തികയുന്ന തിയ്യതി മുതൽ അതുവരെ രണ്ടാം നമ്പർകാരൻ തന്നിരുന്ന മാസ വാടകയുടെ 10% പത്ത് ശതമാനം കണ്ട് വാടക വർദ്ധിപ്പിച്ച് മാസവാടക യോടു കൂട്ടി തന്നു കൊണ്ട് രണ്ടാം നമ്പർകാരൻ തുടരുന്നതും തുടർന്ന് മേൽപ്രകാരം വർദ്ധിപ്പിച്ച തിയ്യതി മുതൽ ഓരോ ഒരുവർഷം തികയുമ്പോ ഴും അപ്പോൾ നിലവിലുള്ള മാസവാടകയുടെ 10% പത്ത് ശതമാനം കണ്ട് മാസവാടക വർദ്ധിപ്പിച്ച് മാസ വാടക യോട് കൂട്ടി തന്നുകൊണ്ട് രണ്ടാം നമ്പർകാരൻ ഒഴിയുന്നതു വരെയോ ഒന്നാം നമ്പർകാരി ഒഴിപ്പിക്കുന്നതു വരെയോ തന്നു കൊണ്ട് രണ്ടാം നമ്പർകാരൻ തുടരുന്നതും അപ്രകാരം ചെയ്യാൻ സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

ഇതിലെ നിശ്ചയങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിൽ രണ്ടാം നമ്പർകാരൻ വല്ല വീഴ്ചയോ മുടക്കമോ വരുത്തി യാൽ ആയതു മൂലം ഒന്നാം നമ്പർകാരിക്കു നേരിടുന്ന സർവ്വ ചിലവു നഷ്ട കഷ്ടത്തിനും രണ്ടാം നമ്പർകാരനും രണ്ടാം നമ്പർകാരനുള്ള സർവ്വ സമ്പാദ്യങ്ങളും എപ്പോഴും ഉത്തര വാദിയായിരിക്കുന്നതുമാണ്. ഇതുപ്രകാരം നിശ്ചയിച്ചും സമ്മതിച്ചും താഴെ ഒപ്പിടുന്ന സാക്ഷികൾ മുമ്പാകെ ഇതിൽ ഇരുകൂട്ടരും ഒപ്പിട്ട് അസ്സൽ ഒന്നാം നമ്പർകാരിയും കോപ്പി രണ്ടാം നമ്പർകാനും സൂക്ഷിപ്പാൻ നിശ്ചയിച്ചു.

നമ്പർ	1
ഡിസ്ട്രിക്ട്	വയനാട്
സബ്ഡിസ്ട്രിക്ട്	മാനന്തവാടി
താലൂക്ക്	മാനന്തവാടി
വില്ലേജ്	എടവക
ദേശം	എടച്ചന
പഞ്ചായത്ത് /മുൻസിപ്പാലിറ്റി	എടവക
തരം	മുറി
അവകാശം	വാടക കരാർ
നീളം, വീതി	

വസ്തുവിവരം: ഒന്നാം നമ്പർകാരിക്ക് അവകാശമായ സ്ഥലത്ത് ഒന്നാം നമ്പർകാരി നിർമ്മിച്ച രണ്ടുനില വാർപ്പ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പടിഞ്ഞാറു ഭാഗത്തുള്ള **E.P.1/211** നമ്പറിട്ട ഒരു മുറി

അതിരുകൾ	കിഴക്ക്	ജോൺ ചേന്നാട്ട് കൈവശം
	വടക്ക്	ചാർത്ത് മുറി
	പടിഞ്ഞാറ്	മൊട്ടൂർ ബിനു കൈവശം
	തെക്ക്	മെയിൻ റോഡ്

സാക്ഷികൾ.

1. P.T. Ammamma

2. Soly Isac

Scanned with OKEN Scanner